നമ്പർ SC1-829/26

# അഞ്ചൽ ഗ്രാമപഞ്ചായത്ത്

## പുനർ ലേലപ്പരസ്യം

മാന്യരേ,

ചുവടെ പട്ടികയിൽ വിവരിക്കുന്ന ഇനങ്ങളുടെ 1-4-2026 മുതൽ 31-3-2027 വരെയുള്ള സാമ്പത്തിക വർഷത്തെ കുത്തക അവകാശം താഴെ ചേർത്തിട്ടുള്ള പൊതുലേല വ്യവസ്ഥകൾക്കും നിബന്ധനകൾക്കും നിലവിലുള്ള ചട്ടങ്ങൾക്കും വിധേയമായി **2026 ജൂലൈ 2 ന് രാവിലെ 11 മണിക്ക്** അഞ്ചൽ ഗ്രാമപഞ്ചായത്താഫീസ് കോൺഫറൻസ് ഹാളിൽ വച്ച് പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്.

| **നിരതദ്രവ്യത്തിന്റെയും ജാമ്യസംഖ്യയുടെയും വിവരങ്ങൾ** | | | |
|---|---|---|---|
| ക്രമ നമ്പർ | ലേലം ചെയ്യുന്ന ഇനം | നിരതദ്രവ്യം | സെക്യൂരിറ്റി തുക |
| 1 | കന്നുകാലിച്ചന്തയിൽ നിന്ന് ഗേറ്റ് ഫീസ് പിരിവ് | 25,000 | ലേലസംഖ്യയുടെ നാലിലൊന്നും ബാക്കി തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റും |
| 2 | കാകറിച്ചന്തയിലെ ആട്ടിറച്ചി സ്റ്റാൾ നമ്പർ 1 | 5,000 | |
| 3 | അഞ്ചൽ കാളച്ചന്തയിൽ നിന്നും ചാണകം ശേഖരിച്ച് നീക്കം ചെയ്യൽ | 500 | |

## പൊതുലേല വ്യവസ്ഥകൾ

1. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിനുമുമ്പായി ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ഹാജരാക്കേണ്ടതാണ്.
2. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2026- 2027 വർഷത്തിലെ ലേലത്തുകയ്ക്ക് തുല്യമായ സംഖ്യക്കുള്ള അസ്സൽ സോൾവെൻസി സർട്ടിഫിക്കറ്റ് ലേലസമയത്തിന് മുമ്പായി അവരവരുടെ സ്ഥലത്തെ തഹസീൽദാരിൽ നിന്നും (30 ദിവസത്തിനകം ലഭിച്ചത്) ഹാജരാക്കി ഓരോ ഇനത്തിന്റെയും നിരതദ്രവ്യം ഒടുക്കേണ്ടതാണ്. എന്നാൽ സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയാത്തവർക്ക് പ്രസ്തുത ഇനങ്ങളുടെ നടപ്പുവർഷത്തെ ലേലത്തുക ഡെപ്പോസിറ്റ് ചെയ്യുന്ന പക്ഷം അവരെ കൂടി ലേലത്തിൽ പങ്കെടുപ്പിക്കുന്നതാണ്. ഇപ്രകാരം ഡെപ്പോസിറ്റ് ചെയ്ത് ലേലത്തിൽ പങ്കെടുക്കുന്നവരുടെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്ന പക്ഷം ലേലം വിളിച്ച മുഴുവൻ തുകയും അപ്പോൾത്തന്നെ ഒടുക്കേണ്ടതാണ്.
3. ഏതൊരിനത്തിന്റെയും ലേലത്തുക 10,000 രൂപയോ അതിൽ കുറവായ തുകയോ ആണെങ്കിൽ ആ ഇനങ്ങളുടെ ലേലത്തുക മൊത്തമായി ലേലം താത്ക്കാലികമായി സ്ഥിരപ്പെടുത്തുമ്പോൾ തന്നെ ഒടുക്കേണ്ടതാണ്.

നമ്പർ SC1-829/26

4. ലേല നോട്ടീസും അതിലെ നിബന്ധനകളും കുത്തകക്കാരൻ എഴുതിവയ്ക്കേണ്ട കരാറിന്റെ ഭാഗമായിരിക്കും. പഞ്ചായത്ത് സെക്രട്ടറിയോ, ടിയാൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ലേലങ്ങൾ നടത്തുന്നതാണ്. കടമുറികളും സ്റ്റാളുകളും മറ്റിനങ്ങളും ലേലത്തിലെടുക്കുന്നവർ ലേലത്തുകയുടെ 18% ജി.എസ്.റ്റി (GST) അടയ്ക്കേണ്ടതാണ്.
5. ഓരോ ഇനത്തിന്റെയും ലേലം ഏറ്റവും കൂടുതൽ തുക ലേലം വിളിക്കുന്ന ആളിന്റെ പേരിൽ താൽക്കാലികമായി സ്ഥിരപ്പെടുത്തി കൊടുക്കുന്നതും, അന്തിമമായി ലേലം അംഗീകരിച്ച് സ്ഥിരപ്പെടുത്തി കൊടുക്കുന്നതിനുള്ള അധികാരം പഞ്ചായത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.
6. മതിയായ കാരണത്തിന്മേൽ ലേലം മാറ്റിവയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും പഞ്ചായത്ത് സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കും.
7. ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയാലുടനെതന്നെ ലേല സംഖ്യയുടെ നാലിലൊന്ന് തുക ജാമ്യസംഖ്യയായി (സെക്യൂരിറ്റി ഡെപ്പോസിറ്റ്) കെട്ടിവയ്ക്കേണ്ടതാണ്. വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം അങ്ങനെയുള്ളവരുടെ നിരതദ്രവ്യസംഖ്യ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതും കുത്തകാവകാശം പുനർലേലം ചെയ്യുന്നതുമാണ്. തവണകൾ മുടക്കാത്ത പക്ഷം ജാമ്യ സംഖ്യ ഗഡുവായി കണക്കാക്കുന്നതാണ്. എന്നാൽ കുത്തകക്കാരൻ കുടിശ്ശികയായി ഒടുക്കാനുള്ള കുത്തകത്തുകയുടെ ഏതെങ്കിലും ഗഡുവിലേക്ക് വീണ്ടും ലേലം ചെയ്യുകയോ ഡിപ്പാർട്ട്മെന്റ് വകയായി നടത്തുന്നതുമൂലം നേരിടുന്ന നഷ്ടം വല്ലതുമുണ്ടെങ്കിൽ അതിലേക്ക് കണക്കാക്കുന്നതുമാണ്.
8. ലേലത്തുക തവണകളായി അടയ്ക്കുന്നവർ അവരുടെ ലേലത്തുകയുടെ ഇരട്ടി തുകയ്ക്കുള്ള ധനശേഷി കാണിക്കുന്ന സോൾവൻസി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരിയിൽ നിന്നും വാങ്ങി എഗ്രിമെൻ്റ് വയ്ക്കുന്നതിനു മുമ്പായി ഹാജരാക്കേണ്ടതാണ്.
9. ലേലം അവസാനിച്ചാലുടൻ തന്നെ ലേലത്തിൽ സംബന്ധിച്ച മറ്റാളുകളുടെ നിരതദ്രവ്യം മടക്കി കൊടുക്കുന്നതാണ്.
10. ലേലം സ്ഥിരപ്പെടുത്തി അറിയിപ്പുകിട്ടിയാലുടൻ തന്നെ 200 രൂപയിൽ കുറയാത്ത സംഖ്യക്കുള്ള മുദ്രപ്പത്രത്തിൽ പഞ്ചായത്ത് നിർദ്ദേശിക്കുന്ന വിധം കരാറുവയ്ക്കേണ്ടതും ലേലത്തുകയുടെ 1/4 ഒന്നാം തവണയായി പഞ്ചായത്തിൽ അടയ്ക്കേണ്ടതുമാണ്. ബാക്കി ലേലത്തുക രണ്ട് തുല്യ തവണകളായി 2026 ജൂൺ 30, 2026 സെപ്തംബർ 30 തീയതികൾക്കുമുമ്പായി പഞ്ചായത്തിൽ ഒടുക്കി രസീത് വാങ്ങേണ്ടതുമാണ്. ആദ്യത്തെ മൂന്ന് തവണകൾ കൃത്യമായി അടയ്ക്കുന്ന പക്ഷം സെക്യൂരിറ്റി ഡെപ്പോസിറ്റായി വാങ്ങിയ തുക നാലാം തവണയായി കണക്കാക്കുന്നതാണ്.
11. കുത്തകക്കാരൻ തവണ വീഴ്ച വരുത്തിയാൽ 18% പലിശ ഈടാക്കുന്നതും എന്നാൽ നിശ്ചിത തവണ തീയതി മുതൽ 15 ദിവസത്തിനകം തവണത്തുക പലിശസഹിതം ഒടുക്കിത്തീർക്കാത്ത പക്ഷം കുത്തക അവകാശം യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്ത് ആദ്യ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം നടത്തുന്നതുമാണ്. പഞ്ചായത്തിൽ അടയ്ക്കേണ്ട ഏതെങ്കിലും ഫീസുകളും നികുതികളും കുടിശ്ശികയുള്ളവർ ആയത് അടച്ച് രസീത് ഹാജരാക്കി മാത്രമേ ലേലത്തിൽ പങ്കെടുക്കാവു.
12. ലേലം വിളികേട്ടയാൾ ലേലാവകാശം യാതൊരു കാരണവശാലും മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. അങ്ങനെ കൈമാറ്റം ചെയ്തതായി പഞ്ചായത്തിന് അറിവ് ലഭിച്ചാൽ അതേ കാരണം പറഞ്ഞ് ലേലാവകാശം റദ്ദുചെയ്യുന്നതാണ്.
13. പഞ്ചായത്തിൽ നിന്നും പരസ്യപ്പെടുത്തുന്നതും, കരാറിൽ വ്യവസ്ഥ ചെയ്യുന്നതുമായ നിരക്കിൽ മാത്രമേ ഫീസുകൾ പിരിക്കാൻ പാടുള്ളൂ.
14. ഏതെങ്കിലും ലേലക്കാർ മേൽ വിവരിച്ച ലേലനിബന്ധനകൾക്കും കേരളാ പഞ്ചായത്ത് മാർക്കറ്റ് ചട്ടങ്ങൾക്കും വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം അയാളുടെ പേരിലുള്ള ലേലാവകാശം മുന്നറിയിപ്പ് കൂടാതെ അസ്ഥിരപ്പെടുത്തി ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ കുത്തകാവകാശം

പുനർലേലം ചെയ്യുന്നതും കൂടാതെ കെട്ടിവച്ചിട്ടുള്ള ജാമ്യസംഖ്യ പഞ്ചായത്ത് മുതൽ കൂട്ടുന്നതാണ്.

15. ഗവൺമെന്റ് ഭേദഗതി ചെയ്തിട്ടുള്ള മാർക്കറ്റ് റേറ്റ് മാർക്കറ്റിൽ പരസ്യപ്പെടുത്തിയിട്ടുള്ളതും ആയത് നിലനിൽക്കുന്നതുമാണ്.
16. മോട്ടോർ വാഹനങ്ങൾ, കാളവണ്ടി, ഉന്തുവണ്ടി, സൈക്കിളുകൾ, തലച്ചുമടുകൾ, എന്നിവയ്ക്ക് നിശ്ചയിച്ചിരിക്കുന്ന റേറ്റുകൾ പ്രകാരം മാർക്കറ്റിനകത്ത് വില്പനസാധനങ്ങൾ കയറ്റുന്നതിന് ഗേറ്റുഫീസ് പിരിവ് കൊടുക്കേണ്ടതാണ്.
17. ചന്തപ്പിരിവിന് ആവശ്യമുള്ള ടിക്കറ്റുകൾ കോൺട്രാക്ടറുടെ ചുമതലയിൽ അച്ചടിച്ച് പഞ്ചായത്തിൽ ഏൽപ്പിക്കേണ്ടതും ആയത് പഞ്ചായത്തിൽ സീൽ വയ്പിച്ച് തിരികെ വാങ്ങി ഉപയോഗിക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ അംഗീകാരമില്ലാത്ത രസീതുകൾ ഉപയോഗിക്കാൻ പാടില്ലാത്തതുമാണ്.
18. പഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ മാർക്കറ്റിൽ പിരിവ് നടത്തുന്നതിന് ഏജന്റുമാരെ നിയമിക്കാൻ പാടില്ലാത്തതും പഞ്ചായത്തിൽ നിന്നും ന്യായമായ കാരണത്തിന്മേൽ പിരിവിനുള്ള ഏതൊരു ഏജന്റിനേയും തൽസ്ഥാനത്തുനിന്നും മാറ്റുന്നതിന് ആവശ്യപ്പെടാവുന്നതും ആയത് കോൺട്രാക്ടർ അനുസരിക്കേണ്ടതുമാണ്.
19. ലേല ഇനം 2, 3 ലെ സ്ഥലങ്ങളിലും പഞ്ചായത്തിൽ നിന്നും പുതുതായി ഇറച്ചി വ്യാപാരം നടത്തുന്നതിന് ലൈസൻസ് കൊടുക്കുന്ന സ്ഥലങ്ങളിലുമല്ലാതെ അഞ്ചൽ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ മറ്റൊരിടത്തും ലേലക്കാർക്കോ മറ്റാർക്കെങ്കിലുമോ ഇറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ല.
20. ഇറച്ചി സ്റ്റാൾ ലേലത്തിൽ പിടിച്ചിട്ടുള്ളവർക്ക് ചന്തയിലല്ലാതെ മറ്റൊരിടത്തും ഇറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ല. ചന്ത ലേലം പിടിക്കുന്നയാൾ ഫിഷ്സ്റ്റാളും പരിസരവും എല്ലാദിവസവും കഴുകി വൃത്തിയാക്കി സൂക്ഷിക്കേണ്ടതാണ്.
21. മാർക്കറ്റിൽ നിന്നും 200 വാരെക്കുള്ളിൽ പൊതു നിരത്തിലുള്ള വ്യാപാരം പൂർണ്ണമായും നിരോധിച്ചിരിക്കുന്നു.
22. ഇറച്ചി വ്യാപാരം ചെയ്യുന്നതിനുള്ള അവകാശം ലേലം പിടിക്കുന്നവർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 9.9.98 ലെ 2383/98-ാം നമ്പർ ഒ.പി.യിലെ ഉത്തരവ് പ്രകാരം കച്ചവട സ്ഥലത്തോ അല്ലാതെയോ ഏതെങ്കിലും ലൈസൻസ് ഉള്ള പരിസരങ്ങളിലോ, മറ്റേതെങ്കിലും സ്ഥലത്തോ തയ്യാർ ചെയ്തതോ, അല്ലാത്തതോ ആയ മൃഗങ്ങളുടേയോ, പക്ഷികളുടേയോ ശരീരഭാഗങ്ങൾ പൊതുജനങ്ങൾക്ക് കാഴ്ചയിൽ അസഹ്യതയോ പീഡയോ ഉണ്ടാകുന്ന തരത്തിൽ പ്രദർശിപ്പിക്കുവാൻ പാടില്ലാത്തതാകുന്നു. അതുപോലെ ആയവയുടെ അവശിഷ്ടങ്ങൾ പൊതുവഴിയിലോ, തോടുകളിലോ പൊതുസ്ഥലത്തോ നിക്ഷേപിക്കുവാനും പാടില്ലാത്തതാകുന്നു.
23. ചാണകം ലേലത്തിൽ പിടിക്കുന്ന ആൾ മുഴുവൻ തുകയും ഉടൻ തന്നെ ഒടുക്കേണ്ടതും രണ്ട് മാസത്തിലൊരിക്കൽ ചാണകം സ്വന്തം ചെലവിൽ മാറ്റികൊള്ളേണ്ടതും വിഘാതം വരുത്തിയാൽ ലേലം റദ്ദുചെയ്ത് ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്തു കൊടുക്കുന്നതുമാണ്.
24. യാതൊരു കാരണവശാലും പഞ്ചായത്തിൽ നിന്നും നിശ്ചയിച്ചുതരുന്ന ചന്ത ദിവസങ്ങൾ പഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ കോൺട്രാക്ടർ മാറ്റാൻ പാടുള്ളതല്ല. ചന്തയുടെ പ്രവർത്തനം സൂര്യോദയം മുതൽ സൂര്യാസ്തമനം വരെ മാത്രമേ പാടുള്ളൂ.
25. പഞ്ചായത്തിൽ നിന്നും ലേലം ചെയ്തുകൊടുത്തിട്ടുള്ളതും നിലവിലുള്ളതുമായ സ്റ്റാളുകളല്ലാതെ മാർക്കറ്റിനകത്ത് മറ്റു സ്റ്റാളുകൾ നിർമ്മിക്കുന്നതിന് ചന്തയുടേയോ, സ്റ്റാളുകളുടേയോ കരാറുകൾക്ക് അവകാശമില്ലാത്തതുമാണ്.

26. കംഫർട്ട് സ്റ്റേഷൻ വൃത്തിയായും, ശുചിയായും സൂക്ഷിക്കുകയും പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഫീസ് മാത്രം പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ്. കംഫർട്ട് സ്റ്റേഷനുണ്ടാകുന്ന അറ്റകുറ്റപണികൾ കരാറുകാരൻ നടത്തി ഉപയോഗയോഗ്യമാക്കേണ്ടതുമാണ്.
27. അഞ്ചൽ ഗ്രാമപഞ്ചായത്തിൽ ഏതെങ്കിലും വിധത്തിലുള്ള നികുതി, ഫീസ്, ലേലത്തുക എന്നിവ കുടിശ്ശികയാക്കിയിട്ടുള്ളവർക്ക് ലേലത്തിൽ പങ്കെടുക്കാൻ അർഹതയില്ലാത്തതും ആയവരെ പങ്കെടുപ്പിക്കുന്നതല്ലാത്തതുമാണ്.
28. പഞ്ചായത്തിൽ അടയ്ക്കേണ്ട തവണ സംഖ്യകൾ കൃത്യസമയത്ത് അടയ്ക്കേണ്ടതും കരാർവച്ചശേഷം ലേലാവകാശം വിനിയോഗിക്കേണ്ടതുമാണ്.
29. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമുള്ള കശാപ്പുശാലകളുടെ അനുമതി പത്രം ഹാജരാക്കുന്നവർക്കു മാത്രമേ ഇറച്ചി വിൽപ്പനസ്റ്റാൾ ലേലത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.
30. സ്ലോട്ടർ ഹൗസിന് ഫുഡ്സേഫ്റ്റി ലൈസൻസ് ഉള്ളവർക്ക് മാത്രമേ ഇറച്ചിവില്പന സ്റ്റാൾ ലേലത്തിൽ പങ്കെടുക്കാൻ പാടുള്ളൂ.
31. 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (പൊതുമാർക്കറ്റുകളുടേയും സ്വകാര്യമാർക്കറ്റുകളുടേയും നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
32. ഗവൺമെന്റിൻ്റെ പൊതുവായ ലേല നിബന്ധനകളും പഞ്ചായത്ത് ബൈലാ പ്രകാരമുള്ള ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കുന്നതാണ്.
33. ചന്ത സ്ഥലവും വിഭാഗങ്ങളും പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും മേൽനോട്ടത്തിലുമായിരിക്കുന്നതും ചന്തയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പഞ്ചായത്തിൽ നിന്നും കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന വ്യവസ്ഥകളനുസരിച്ച് പ്രവർത്തിക്കാൻ കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.
34. കന്നുകാലി, കാകറി ചന്തകളുടെ പ്രവർത്തനസമയം നിശ്ചിത ദിവസങ്ങളിൽ രാവിലെ 5 മണിക്ക് ആരംഭിക്കുന്നതും സൂര്യാസ്തമയം വരെ ആയിരിക്കുന്നതുണ്.
35. പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ കൂടുതലായി ഗേറ്റ് ഫീസ് പിരിവ് നടത്താൻ പാടില്ലാത്തതാണ്.
36. മാംസക്കടകളിലും ചന്തകളിലും ഉപയോഗിക്കുന്ന അളവുകളും തൂക്കങ്ങളും കൃത്യമായി മുദ്ര പതിപ്പിച്ചതായിരിക്കണം.
37. പഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുവാദമില്ലാത്ത വ്യാപാരാവശ്യത്തിനല്ലാതെ സ്റ്റാളുകളോ ഷെഡ്ഡുകളോ മാർക്കറ്റിൽ നീക്കം ചെയ്യുന്നതും അതുമൂലമുണ്ടാകുന്ന എല്ലാ ചെലവുകളും കുത്തകക്കാരിൽ നിന്നും ഈടാക്കുന്നതുമായിരിക്കും. ഹോട്ടൽ ചായക്കട തുടങ്ങിയ ഏതൊരു വ്യാപാര സ്ഥാപനങ്ങളും ചന്തക്കടുത്ത് നടത്താൻ അനുവദിക്കുകയോ അതിനുവേണ്ടി സ്റ്റാളുകൾ നിർമ്മിച്ച് നൽകുകയോ ചെയ്യാൻ പാടില്ലാത്തതാണ്.
38. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ബഹു. കേരള ഹൈക്കോടതിയുടേയും കേരള സർക്കാരിന്റെയും ഉത്തരവുകളും നിബന്ധനകളും ആട്, മാട് സ്റ്റാളുകൾ ലേലംകൊള്ളുന്ന ലേലക്കാർ കർശനമായും പാലിക്കേണ്ടതാണ്.
39. ചന്ത ലേലം കൊള്ളുന്ന കരാറുകാർ, അനുമതി നൽകുന്ന വ്യാപാരികൾ, വ്യാപാരാനന്തരമുണ്ടാകുന്ന മാലിന്യം പഞ്ചായത്ത് ഹരിത കർമ്മസേനയ്ക്ക് കൈമാറുന്നുവെന്നും, ആയതിന് നിശ്ചയിച്ച ഫീസ് ഒടുക്കുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഓഫീസ് അഞ്ചൽ,

23-06-2026

(ഒപ്പ്)

സെക്രട്ടറി

അഞ്ചൽ ഗ്രാമപഞ്ചായത്ത്